# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2366** **08.05.2017 ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിക്ക് 2016 ജൂൺ മുതൽ ലഭിച്ച കേന്ദ്ര സഹായം എത്രയാണ്, പ്രസ്തുത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം എത്ര; വിശദമാക്കുമോ; | എ) | 2016-17 'ആനുവൽ വർക്ക് പ്ലാൻ ആൻറ് ബഡ്ജറ്റ് ' പ്രകാരം ആർ.എം.എസ്.എയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ച തുക 5196.551 ലക്ഷം രൂപയാണ്. ഇതിൽ 3117.9306 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതവും, 2078.6204 ലക്ഷം രൂപ സംസ്ഥാന വിഹിതവും ആണ്. 2016-17 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 3062.88 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 2041.92 ലക്ഷം രൂപയും ആർ.എം.എസ്.എയ്ക്ക് ലഭിച്ചിട്ടുണ്ട് . ഐ.ഇ.ഡിഎസ്.എസ്സിന് 3251.885 ലക്ഷം രൂപ യാണ് 2016-17 ആനുവൽ വർക്ക് പ്ലാൻ ആൻറ് ബഡ്ജറ് പ്രകാരം ആർ.എം.എസ്.എയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്. ഇതിൽ 1829.81 ലക്ഷം രൂപ കേന്ദ്രസർക്കാർ വിഹിതമായും 1219.87 ലക്ഷം രൂപ സംസ്ഥനാ വിഹിതമായും ലഭിച്ചിട്ടുണ്ട്. ചാലക്കുടിയിലെ ഗേൾസ് ഹോസ്റ്റൽ നിർമാണത്തിനായി അംഗീകരിച്ച 255.10 ലക്ഷം രൂപയിൽ 76.53 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. |
| ബി) | ആർ.എം.എസ്.എ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾ ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | ബി) | ഇപ്രകാരമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | പ്രസ്തുത പദ്ധതിയ്ക്കായി സ്ഥിരമായി ഉദ്യോഗസ്ഥ സംവിധാനം ഇല്ലെന്നുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | | 26/2/2011 ലെ ജി.ഒ(എം.എസ്)59/11/പൊ.വി.വ പ്രകാരം ആർ.എം.എസ്.എയ്ക്ക് അനുവദിച്ചിട്ടുള്ള താൽക്കാലിക തസ്തികൾ ഡെപ്യൂട്ടേഷൻ, കോൺട്രാക്ട്, ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ